ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.09.2025** **TIME: 12.50 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയും അമേരിക്കയും അടുത്ത സുഹൃത്തുക്കളാണെന്നും, ഇരു രാജ്യങ്ങൾക്കുമിടയിലെ വ്യാപാര ചർച്ചകൾ അനന്ത സാധ്യതകൾ തുറന്നുനൽകുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi today said that India and the US are close friends and the trade negotiations between the two nations will pave the way for unlocking the limitless potential of the India-US partnership.**

2. രാജ്യവികസനത്തിനായി പരിശ്രമിക്കുമെന്നും, ജനാധിപത്യ താൽപ്പര്യത്തിന് മുൻതൂക്കം നൽകുമെന്നും നിയുക്ത ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ.

   **Vice President-elect C P Radhakrishnan said that he will try his best for the development of the nation and the interest of democracy will be taken into account.**

3. യുവജനപ്രക്ഷോഭങ്ങളെ തുടർന്നുള്ള സുരക്ഷാ വെല്ലുവിളികൾ നേരിടാൻ നടപടികൾ ഊർജ്ജിതമാക്കി നേപ്പാൾ സേന. നേപ്പാളുമായി അതിർത്തി പങ്കിടുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിൽ കർശന ജാഗ്രത തുടരുന്നു.

**Nepal Army has initiated special security procedures in view of the current security challenges in the country. Round-the-clock high alert declared across Indian districts that share border with Nepal.**

4. ഖത്തർ തലസ്ഥാനമായ ദോഹയിൽ ഹമാസിൻറെ ഉന്നത നേതാക്കളെ ലക്ഷ്യമിട്ട് ആക്രമണം നടത്തി ഇസ്രായേൽ സേന.

**Israeli military confirms carrying out assassination attempt targeting top Hamas leaders in Qatar's capital, Doha.**

5. ഏഷ്യാ കപ്പ് ട്വൻറി -20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് യുഎഇയെ നേരിടും.

**In cricket, Afghanistan Team India to begin their campaign today against hosts UAE in Dubai.**

☸☸☸☸☸☸☸☸☸☸☸☸☸

**HEADLINE-1**

**Modi - Trump**

ഇന്ത്യയും അമേരിക്കയും അടുത്ത സുഹൃത്തുക്കളും, സ്വാഭാവിക പങ്കാളികളുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇരുരാജ്യങ്ങൾക്കുമിടയിലെ വ്യാപാര ചർച്ചകൾ, അനന്ത സാധ്യതകൾ തുറന്നുനൽകുമെന്ന ആത്മവിശ്വാസവും അദ്ദേഹം പങ്കുവച്ചു. എത്രയും വേഗം ചർച്ചകൾ പൂർത്തിയാക്കാനാണ് ഇന്ത്യയും, യുഎസും ശ്രമം നടത്തുന്നത്. അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി ഇക്കാര്യത്തിൽ വൈകാതെ സംഭാഷണം നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നതായും ശ്രീ മോദി പറഞ്ഞു. ഇരു രാജ്യങ്ങളിലെയും ജനങ്ങളുടെ സമൃദ്ധമായ ഭാവിയ്ക്കായി ട്രംപിനൊപ്പം പ്രവർത്തിക്കാനാകുമെന്ന പ്രത്യാശയും പ്രധാനമന്ത്രി പങ്കുവച്ചു. ഇന്ത്യയ്ക്കും അമേരിക്കക്കുമിടയിലെ വ്യാപാര തടസ്സങ്ങൾ പരിഹരിക്കാനായി ചർച്ചകൾ തുടരുമെന്ന് ഡോണൾഡ് ട്രംപ് സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇരു രാജ്യങ്ങൾക്കും ഗുണകരമായ വിധത്തിൽ വിഷയത്തിൽ ശുഭ പര്യവസാനം ഉണ്ടാകുമെന്നാണ് പ്രത്യാശ. തൻറെ ഏറ്റവും അടുത്ത സുഹൃത്തായ നരേന്ദ്ര മോദിയുമായി വരുന്ന ആഴ്ചകളിൽ ഇക്കാര്യം ചർച്ച ചെയ്യാനാകുമെന്നാണ് പ്രതീക്ഷയെന്നും ട്രംപ് പറഞ്ഞു.

**HEADLINE-2**

**VP (INTRO)**

***ജനാധിപത്യത്തിൽ, ഭരണകക്ഷിയും പ്രതിപക്ഷ പാർട്ടികളും പ്രധാനമാണെന്നും ജനാധിപത്യ താൽപ്പര്യത്തിന് മുൻതൂക്കം നൽകുമെന്നും നിയുക്ത ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ. ഇന്നലെ നടന്ന തിരഞ്ഞെടുപ്പിൽ 152 വോട്ടുകളുടെ ഭൂരിപക്ഷം നേടിയാണ് മഹാരാഷ്ട്ര ഗവർണർ സി പിരാധാകൃഷ്ണൻ ഉപരാഷ്ട്രപതി സ്ഥാനത്തേക്കെത്തുന്നത്. രാജ്യവികസനത്തിനായി പരിശ്രമിക്കുമെന്നും, 2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കാൻ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്യു.***

***(ഹോൾഡ് - VP)***

***ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലെ വിജയത്തിന് ശ്രീ സി പി***

***രാധാകൃഷ്ണനെ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള നേതാക്കൾ അഭിനന്ദിച്ചു. തമിഴ്നാട്ടിലെ തിരുപ്പൂരിൽ ജനിച്ച ശ്രീ രാധാകൃഷ്ണൻ വിദ്യാർത്ഥി നേതാവായാണ് രാഷ്ട്രീയത്തിലെത്തിയത്. ആർഎസ്എസ്, ജനസംഘം എന്നീ സംഘടനകളിൽ സജീവമായിരുന്ന അദ്ദേഹം കോയമ്പത്തൂരിൽ നിന്ന് രണ്ടുതവണ ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. മഹാരാഷ്ട്രയ്ക്ക് പുറമേ ഝാർഖണ്ഡ്, തെലങ്കാന, പുതുച്ചേരി, എന്നിവിടങ്ങളിലെ ഗവർണറായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.***

☸☸☸☸☸☸☸☸☸☸☸☸☸

## HEADLINE-3

## PM MODI – NEPAL

യുവജനപ്രക്ഷോഭം തുടരുന്ന നേപ്പാളിലെ സ്ഥിതിഗതികൾ ചർച്ച ചെയ്യുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അദ്ധ്യക്ഷതയിൽ സുരക്ഷാകാര്യ മന്ത്രിസഭാ സമിതി യോഗം ചേർന്നു. നേപ്പാളിലെ സംഭവവികാസങ്ങൾ ഹൃദയഭേദകമാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. പ്രതിഷേധത്തിനിടെയുണ്ടായ മരണങ്ങളിൽ ദുഃഖം രേഖപ്പെടുത്തിയ അദ്ദേഹം, സമാധാനത്തെ പിന്തുണയ്ക്കാൻ നേപ്പാളിലെ പൗരന്മാരോട് അഭ്യർത്ഥിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## Nepal Advisory

സംഘർഷ സാഹചര്യം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ നേപ്പാളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് മുന്നറിയിപ്പ് നൽകി വിദേശകാര്യമന്ത്രാലയം. സ്ഥിതിഗതികൾ ശാന്തമാകുന്നതുവരെ നേപ്പാളിലെ ഇന്ത്യൻ പൗരന്മാർ നിലവിലെ താമസ സ്ഥലങ്ങളിൽ തുടരണമെന്നും തെരുവുകളിൽ ഇറങ്ങുന്നത് ഒഴിവാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. നേപ്പാൾ അധികൃതരുടെയും കാഠ്മണ്ഡുവിലെ ഇന്ത്യൻ എംബസിയുടെയും സുരക്ഷാ നിർദേശങ്ങൾ പാലിക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു. കാഠ്മണ്ഡുവിലെ ഇന്ത്യൻ എംബസിയുടെ ഹെൽപ്പ്ലൈൻ നമ്പറുകളായ +977 – 980 860 2881, +977 – 981 032 6134 എന്നിവയിൽ

ബന്ധപ്പെടാവുന്നതാണ്. കാഠ്മണ്ഡുവിലെ വിമാനത്താവളം താൽക്കാലികമായി അടച്ചതിനാൽ എയർ ഇന്ത്യ, ഇൻഡിഗോ, സ്പൈസ് ജെറ്റ് എന്നിവയുൾപ്പെടെയുള്ള വിമാനക്കമ്പനികൾ വിമാന സർവീസുകൾ റദ്ദാക്കിയിട്ടുണ്ട്.

## Nepal PROTEST

നേപ്പാളിൽ പ്രക്ഷോഭം നടത്തുന്ന യുവജന പ്രതിനിധികളുമായി സൈനിക ആസ്ഥാനത്ത് ഇന്ന് ചർച്ചകൾ നടക്കും. നേപ്പാൾ സേനാ മേധാവി അശോക് രാജ് സിഗ്ഡലുമായി യുവജന പ്രതിനിധികൾ കൂടിക്കാഴ്ച നടത്തിയിരുന്നു. ജെൻ സി പ്രക്ഷോഭത്തിൻറെ കാരണങ്ങൾ മനസ്സിലാക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് കൂടിക്കാഴ്ച. രാജ്യത്തെ നിലവിലെ സുരക്ഷാ വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിനുള്ള ശ്രമങ്ങൾ നേപ്പാൾ സൈന്യം ഊർജ്ജിതമാക്കി. കാഠ്മണ്ഡു താഴ്വരയിൽ സ്ഥിതി മുൻദിവസത്തെ അപേക്ഷിച്ച് ശാന്തമാണെന്ന് സൈന്യം അറിയിച്ചു. പ്രക്ഷോഭത്തിൻറെ മറവിൽ നടക്കുന്ന കൊള്ളയും, അരാജക പ്രവൃത്തികളും തടയാൻ സമൂഹം ഒന്നടങ്കം സഹകരിക്കണമെന്നും സൈന്യം അഭ്യർത്ഥിച്ചു. കാഠ്മണ്ഡുവിലെ രാഷ്ട്രീയ വാണിജ്യ ബാങ്കിൽ കവർച്ച നടത്തിയ അഞ്ച് പേരെ സൈന്യം അറസ്റ്റ് ചെയ്തു. കാഠ്മണ്ഡു ഭക്തർപൂർ മേഖലകളിലെ സൂപ്പർ മാർക്കറ്റിലും ഹോട്ടലിലുമടക്കം കവർച്ച നടത്തിയ 21 പേരും അറസ്റ്റിലായിട്ടുണ്ട്. ഭരത്പൂർ ജയിലിന് പ്രക്ഷോഭകർ തീയിട്ടതിനെ തുടർന്ന് 700-ഓളം തടവുകാർ രക്ഷപ്പെട്ടു.

## UP NEPAL ALERT

നേപ്പാളിൽ സംഘർഷം വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ രാജ്യവുമായി അതിർത്തി പങ്കിടുന്ന ഉത്തർപ്രദേശിലെയും പശ്ചിമബംഗാളിലെയും ജില്ലകളിൽ സംസ്ഥാന സർക്കാരുകൾ ജാഗ്രതാ നിർദ്ദേശം നൽകി. അതിർത്തി മേഖലയിൽ കൂടുതൽ പോലീസിനെയും വിന്യസിച്ചിട്ടുണ്ട്.

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

❁❁❁❁❁❁❁❁❁❁❁❁❁

**Fitch - India**

ഇന്ത്യയുടെ സാമ്പത്തിക വളർച്ച അടുത്ത മൂന്ന് വർഷത്തിൽ 6 ശതമാനത്തിന് മുകളിലായിരിക്കുമെന്ന് ഫിച്ച് റേറ്റിംഗ് റിപ്പോർട്ട്. ഈ സാമ്പത്തിക വർഷത്തിൽ 6.9 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. ആഭ്യന്തര ഉപഭോക്തൃ ആവശ്യങ്ങൾ കൂടുതൽ നിക്ഷേപത്തിന് വഴിവക്കുമെന്നും ഇതിലൂടെ സാമ്പത്തിക വളർച്ചയുണ്ടാകുമെന്നുമാണ് വിലയിരുത്തൽ. അമേരിക്കയുടെ താരിഫ് വർധന ആഗോള സാമ്പത്തിക വളർച്ചയെ ബാധിക്കുന്ന സാഹചര്യത്തിലും ഇന്ത്യയുടെ ഈ വളർച്ച മികച്ചതാണെന്നാണ് റിപ്പോർട്ടിലെ പരാമർശം.

❁❁❁❁❁❁❁❁❁❁❁❁❁

**GST-drone**

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ പൗര കേന്ദ്രീകൃതമായ മാറ്റങ്ങളാണ് ലക്ഷ്യം വെക്കുന്നതെന്ന് കേന്ദ്രസർക്കാർ. ഡ്രോണുകൾക്ക് ഏർപ്പെടുത്തിയ നികുതി ഇളവ് പുതിയ മാറ്റങ്ങളിലെ ഒരു പ്രധാന ഘടകമാണ്. ഡ്രോണുകൾക്ക് 5 ശതമാനം ഏകീകൃത ജിഎസ്ടി നിരക്കാണ് ഈ മാസം 22 മുതൽ പ്രാബല്യത്തിൽ വരുന്നത്. മുൻപ്, സംയോജിത ക്യാമറകളുള്ള ഡ്രോണുകൾക്ക് 18 ശതമാനവും വ്യക്തിഗത ഉപയോഗത്തിനുള്ളവയ്ക്ക് 28 ശതമാനവും ആയിരുന്നു ജി.എസ്.ടി നിരക്ക്. ഇന്ത്യയുടെ അതിവേഗം വളരുന്ന ഡ്രോൺ ആവാസവ്യവസ്ഥയ്ക്ക് പരിഷ്കരണം പിന്തുണ നൽകും. രാജ്യത്തെ വ്യോമയാന മേഖലയിൽ മികച്ച മാറ്റങ്ങൾക്ക് ഇത് വഴിവെക്കുമെന്നും കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**AMOEBIC**

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ള ഒരാൾ ഒഴികെയുള്ള എല്ലാവരുടേയും ആരോഗ്യനില തൃപ്തികരമെന്ന് ആശുപത്രി അധികൃതർ. രണ്ട് കുട്ടികൾ ഉൾപ്പടെ ഒമ്പത് പേരാണ് നിലവിൽ ചികിൽസയിലുള്ളത്.

☸☸☸☸☸☸☸☸☸☸☸☸☸

**KANNUR KUDUMBASREE (INTRO)**

***സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ അവസര ങ്ങൾ ലഭ്യമാക്കുന്നതിനായി കണ്ണൂർ ജില്ലയിലെ ആന്തൂരിൽ കുടുംബശ്രീ സി ഡി എസും നഗരസഭയും ചേർന്ന് നടപ്പിലാക്കിയ സേവന ശ്രീ സംരംഭ പദ്ധതി ശ്രദ്ധേയമാകുന്നു.***

***2023 ലാണ് അയൽക്കൂട്ടം പ്രവർത്തകരെ പങ്കെടുപ്പിച്ചു കൊണ്ട് പദ്ധതി ആരംഭിച്ചത്.***

***വിശദാംശങ്ങളുമായി ആകാശവാണി ക ണ്ണൂർ ജില്ലാ പ്രധിനിധി***

***കെ ഓ ശശിധരൻ..***

***(ഹോൾഡ്)***

☸☸☸☸☸☸☸☸☸☸☸☸☸

**J K-NATIONAL HIGHWAY**

ഒൻപത് ദിവസമായി അടച്ചിട്ടിരിക്കുന്ന ജമ്മു-ശ്രീനഗർ ദേശീയ പാത ചെറിയ വാഹനങ്ങൾക്കായി ഇന്ന് മുതൽ തുറന്നു നൽകും. ഹെവി മോട്ടോർ വാഹനങ്ങളുടെ പ്രവേശനം സംബന്ധിച്ച തീരുമാനം പിന്നീട് എടുക്കുമെന്നും ദേശീയ പാത അതോറിറ്റി വ്യക്തമാക്കി. മഴയും മണ്ണിടിച്ചിലും മൂലമാണ് ദേശീയ പാതയിൽ ഓഗസ്റ്റ് 26 മുതൽ ഗതാഗത നിരോധനം ഏർപ്പെടുത്തിയത്. കശ്മീർ താഴ്വരയെ സംബന്ധിച്ചിടത്തോളം ഏറ്റവും സുപ്രധാനമായ ദേശീയ പാതയിലെ ഗതാഗത തടസ്സം അവശ്യസാധനങ്ങളുടെ വിതരണത്തെയടക്കം സാരമായി ബാധിച്ചിരുന്നു. അതേസമയം ജമ്മു കാശ്മീരിലെ, ശ്രീ മാതാ വൈഷ്ണോ ദേവി ക്ഷേത്രത്തിലേക്കുള്ള തീർത്ഥാടനത്തിന് ഏർപ്പെടുത്തിയ വിലക്ക് തുടരുമെന്ന് അധികൃതർ അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## HEADLINE-4

### ISREAL – DOHA AIRSTRIKE

ഖത്തർ തലസ്ഥാനമായ ദോഹയിൽ ഹമാസിൻറെ ഉന്നത നേതാക്കളെ ലക്ഷ്യമിട്ട് ആക്രമണം നടത്തിയതായി ഇസ്രായേൽ സൈന്യം. ഇസ്രായേൽ പ്രതിരോധ സേനയും, ആഭ്യന്തര സുരക്ഷാ ഏജൻസിയായ ഷിൻ ബെറ്റും ഓപ്പറേഷൻറെ ഉത്തരവാദിത്തം ഏറ്റെടുത്തു. സംഭവത്തെ ഖത്തർ വിദേശകാര്യ മന്ത്രാലയം ശക്തമായി അപലപിച്ചു. അന്താരാഷ്ട്ര നിയമങ്ങളുടെയും മാനദണ്ഡങ്ങളുടെയും ലംഘനമാണ് ഇസ്രായേൽ നടത്തിയതെന്ന് ഖത്തർ കുറ്റപ്പെടുത്തി. ആക്രമണത്തിൽ അഞ്ച് നേതാക്കൾ കൊല്ലപ്പെട്ടതായി ഹമാസ് അറിയിച്ചു. ഗാസയിൽ സമാധാനം സ്ഥാപിക്കാനുള്ള യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ ശ്രമങ്ങൾക്ക് തിരിച്ചടിയാണ്, മധ്യസ്ഥ ചർച്ചകൾ നടക്കുന്ന ദോഹയിലെ ഇസ്രായേൽ ആക്രമണം എന്ന് വൈറ്റ് ഹൗസ് വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸

## HEADLINE-5

### ASIA CUP CRICKET

ഏഷ്യാ കപ്പ് ട്വൻറി -20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് യുഎഇയെ നേരിടും. ദുബായ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. ഇന്നലെ നടന്ന ഉദ്ഘാടന മത്സരത്തിൽ ഹോങ്കോങ്ങിനെതിരെ അഫ്ഗാനിസ്ഥാൻ 94 റൺസിൻറെ ഉജ്ജ്വല ജയം നേടി. സെപ്റ്റംബർ 28 വരെ നടക്കുന്ന ടൂർണമെൻറിൽ എട്ടു ടീമുകളാണ് പങ്കെടുക്കുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸
☸☸☸☸☸